"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ കെട്ടിടങ്ങൾക്ക് പെർമിറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്നതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽപരിശോധനയുടെ അടിസ്ഥാനത്തിൽ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി. ശശിക്കെതിരെയുള്ള അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1716/2025/LSGD തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.09.2014-ലെ E12 (SC20/2013/NRK) 11642/2014 നമ്പർ കത്ത്
2. വിജിലൻസ്(ഡി) വകുപ്പിന്റെ 30.10.2014-ലെ 12356/D1/2014/Vig നമ്പർ കത്ത്.
3. 21.01.2015-ലെ 78587/EW2/14/LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണ പത്രിക.
4. മുഖ്യനഗരാസൂത്രകന്റെ 13.01.2016-ലെ സിസി നം. 01/15 നമ്പർ കത്ത്.
5. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി.ജി.ശശി സമർപ്പിച്ച 16.06.2016-ലെ പ്രതിവാദപത്രിക
6. ചീഫ് എഞ്ചിനീയറുടെ 20.07.2016-ലെ ഇ20-1150/2015/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്
7. 24.07.2017-ലെ 78587/EW2/14/LSGD നമ്പർ കാരണം കാണിക്കൽ നോട്ടീസ്
8. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി.ജി. ശശി സമർപ്പിച്ച 28.09.2017-ലെ പ്രതിവാദപത്രിക
9. ചീഫ് എഞ്ചിനീയറുടെ 15.12.2017-ലെ ഇ20/1150/2015/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്
10. സ.ഉ.(സാധാ) നം.1970/2018/LSGD തീയതി 19.07.2018
11. കണ്ണൂർ മുനിസിപ്പൽ കോർപറേഷൻ സൂപ്രണ്ടിങ് എഞ്ചിനീയറുടെ 30.10.2018-ലെ ഇ5/29050/18 നമ്പർ കത്ത്
12. ചീഫ് എഞ്ചിനീയറുടെ 26.04.2021-ലെ

ഇ11/1150/2015/സി.ഇ./ത.സ്വ.ഭ.വ. നമ്പർ കത്ത്

13. കേരള പബ്ളിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 22.01.2024-ലെ A1-1/73/2022-KPSC നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ കെട്ടിടങ്ങൾക്ക് പെർമിറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ അനുവദിക്കുന്നതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കോഴിക്കോട് യൂണിറ്റ് 30.11.2013-ൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ മിന്നൽ പരിശോധന നടത്തുകയും പരാമർശം (1), (2) എന്നിവ പ്രകാരം വിജിലൻസ് ഡയറക്ടർ, വിജിലൻസ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. മേൽ പരിശോധനയിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

(1.) **ബിൽഡിംഗ് പെർമിറ്റ് നം.BA-2/2011-12**

i. ബിൽഡിംഗ് പെർമിറ്റ് BA-2/2011-12 പ്രകാരമുള്ള കെട്ടിടത്തിന് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ, 1999ലെ Kerala Municipal Building Rules-ലെ റൂൾ 31 പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയതായി കാണുന്നില്ല. ആയത് മൂലം 5,57,960/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.
ii. 1999-ലെ KMBR റൂൾ 31-ന് വിരുദ്ധമായി 839.60 $m^2$ നിയമവിരുദ്ധമായി നിർമ്മിച്ചു (FAR Floor Area Ratio).
iii. അനധികൃത നിർമ്മാണത്തിലെ 415.80 $m^2$ ന് 4,15,300/- രൂപ അടച്ച് ക്രമപ്പെടുത്താവുന്നതാണ്. ശേഷിക്കുന്ന ഭാഗമായ 424.50$m^2$ നിയമവിരുദ്ധവും പൊളിക്കേണ്ടതുമാണ്.
iv. ക്രമക്കേട് (i), (ii) സർക്കാരിന് 9,73,260/- രൂപയുടെ വരുമാന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്.
v. കെട്ടിടത്തിന് ജില്ലാ ടൗൺ പ്ലാനറുടെ ലേഔട്ട് അംഗീകാരം ലഭിച്ചിട്ടില്ല; പാർക്കിംഗ് ഏരിയ പര്യാപ്തമല്ല. യോഗ്യതയുള്ള ലൈസൻസിയല്ല പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭിന്നശേഷിക്കാർക്കായി റാമ്പ്, ലിഫ്റ്റ്, ടോയ്‌ലറ്റ്, പാർക്കിംഗ് തുടങ്ങിയവ ഒരുക്കിയിട്ടില്ല.
vi. ബിൽഡിംഗ് പെർമിറ്റ് നമ്പർ BA 615/96-97 പ്രകാരമാണ് കെട്ടിടം നിർമ്മിച്ചതെന്ന് നോട്ട് ഫയലിൽ നിന്ന് വ്യക്തമാകുന്നു. ഈ പെർമിറ്റ് 25/- രൂപ ഈടാക്കി പാർപ്പിട ആവശ്യങ്ങൾക്കായി നൽകിയതായി കാണുന്നു. ആയതുമായി ബന്ധപ്പെട്ട യഥാർത്ഥ ഫയൽ കാണാതായത് സംശയാസ്പദമാണ്.

(2.) **ബിൽഡിംഗ് പെർമിറ്റ് നം.608/2011-12**

1999ലെ Kerala Municipal Building Rules റൂൾ 62-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഒന്നും രണ്ടും നിലകൾ നിർമ്മിച്ചിട്ടുള്ളത് (set back).

2. മേൽ ക്രമക്കേടുകൾക്ക് മുൻസിപ്പൽ എൻജിനീയറുടേയും മുൻസിപ്പൽ സെക്രട്ടറിയുടേയും അധിക ചുമതല വഹിച്ചിരുന്ന ഒന്നാം ഗ്രേഡ് ഓവർസിയറായ ശ്രീ.പി.ജി. ശശിയാണ് ഉത്തരവാദിയെന്ന് വിജിലൻസ് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച്, കുറ്റപത്രം / കുറ്റാരോപണ പത്രിക എന്നിവ പരാമർശം (3) പ്രകാരം നൽകുകയുണ്ടായി.

3. ടി വിഷയത്തിൽ മുഖ്യനഗരാസൂത്രകൻ പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, പരാമർശിത വിഷയത്തിൽ കെട്ടിടങ്ങൾക്ക് പെർമിറ്റും ഒക്കുപ്പെൻസിയും അനുവദിച്ചതിൽ ചട്ടലംഘനം നടന്നിരുന്നുവെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

4. മുൻ ഓവർസീയർ ശ്രീ.പി.ജി ശശിയുടെ പരാമർശം (5) പ്രകാരമുള്ള പ്രതിവാദപത്രികയിൽ, ഏതാനും വർഷങ്ങൾക്കുമുൻപ് നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ മുകൾനിലകളുടെ നിർമ്മാണം ക്രമവത്ക്കരിക്കാൻ ലഭിച്ച അപേക്ഷ പരിശോധിച്ചതിൽ നിലവിലുള്ള നിയമങ്ങൾ പാലിക്കുന്നതായി കണ്ടതിനാലാണ് ക്രമവത്കരിക്കാൻ ശിപാർശ നൽകിയതെന്നും എന്നാൽ Basement Floor-ന്റെ ഭൂരിഭാഗവും പാർക്കിങ്ങിനുവേണ്ടി നീക്കിവെച്ചതിനാൽ FAR കണക്കാക്കിയപ്പോൾ ആയതുകൂടി പരിഗണിക്കാതിരുന്നതുമൂലം പറ്റിയ അബദ്ധമാണ് ഫീസ് ഈടാക്കാൻ വിട്ടുപോയതെന്നും മനപൂർവ്വം വരുത്തിയ തെറ്റല്ലെന്നും കൂടാതെ Rule 62 ലംഘനം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും വർഷങ്ങൾക്ക് മുൻപ് നിർമ്മാണം നടത്തിയ കെട്ടിടം regularize ചെയ്തതായതിനാൽ തെറ്റായി നിർമ്മാണ അനുമതി നൽകി എന്നത് ശരിയല്ലെന്നും കക്ഷിയിൽ നിന്നും ഈടാക്കേണ്ട കുറവുവന്ന ഫീസ് അടക്കാൻ കക്ഷി തയ്യാറാകേണ്ടതാണെന്നും അല്ലാത്ത പക്ഷം Rule 16 പ്രകാരം permit റദ്ദ് ചെയ്യാൻ കഴിയുന്നതാണെന്നും നിലവിലുള്ള കെട്ടിടം regularize ചെയ്തു നൽകിയതിനാൽ നഗരസഭയ്ക്ക് യാതൊരുവിധ സാമ്പത്തിക നഷ്ടവും വന്നിട്ടില്ലെന്നും എന്നാൽ ശ്രദ്ധക്കുറവുമൂലവും 2000 ത്തോളം ഫയലുകൾ ഒരുവർഷം കൈകാര്യം ചെയ്യുമ്പോൾ വരുന്ന തിരക്കുമൂലവും സംഭവിച്ച വീഴ്ചയായതിനാൽ കെട്ടിട ഉടമതന്നെ കുറവുവന്ന ഫീസ് അടക്കാൻ ബാധ്യസ്ഥനാണ് എന്നതിനാലും ചട്ടലംഘനം നടന്ന ഭാഗം പൊളിച്ചു നീക്കുന്നതിന് നഗരസഭതന്നെ നടപടി സ്വീകരിക്കേണ്ടതായതിനാൽ തുടർനടപടി സ്വീകരിക്കാൻ നഗരസഭയോട് തന്നെ നിർദ്ദേശിക്കേണ്ടതാണ് എന്നും ബോധിപ്പിക്കുകയുണ്ടായി. കുറ്റാരോപിതന്റെ വിശദീകരണത്തിൽതന്നെ തനിക്ക് തെറ്റുപറ്റിയെന്ന് സമ്മതിച്ചിട്ടുള്ളത് കണക്കിലെടുത്ത് ടിയാൾക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (6) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. 30/04/2015-ൽ ശ്രീ.പി.ജി. ശശി, അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്ക നടപടി അവസാനിപ്പിച്ച്, ടിയാൾക്കെതിരെ കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 3(a) പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുവാനുള്ള താത്കാലിക തീരുമാനം കൈക്കൊണ്ട്

പരാമർശം (7) പ്രകാരം കാരണംകാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി.

6. റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി ശശി കാരണംകാണിക്കൽ നോട്ടീസിന് പരാമർശം (8) പ്രകാരം നൽകിയ മറുപടിയിൽ, കാഞ്ഞങ്ങാട് നഗരസഭയിലെ BA2/2011-12, BA.608/11-12 permit നൽകുന്നതിനായി മുനിസിപ്പൽ എഞ്ചിനീയറുടെ ചുമതല ഉണ്ടായിരുന്ന താനും അന്നത്തെ മുനിസിപ്പൽ സെക്രട്ടറി ശ്രീ. സുരേന്ദ്രനും ഒരുമിച്ച് ഇൻസ്പെക്ഷൻ നടത്തിയാണ് permit കൊടുക്കുന്നതിനായി തീരുമാനിച്ചതെന്നും പ്രാഥമിക പരിശോധനയിൽ അപാകതകൾ ഒന്നും കണ്ടെത്തിയിരുന്നില്ലെന്നും നിലവിലുള്ള കെട്ടിടത്തിന്റെ തറനില, ഒന്നാംനില തുടങ്ങിയവയ്ക്ക് നിലവിൽ occupancy ലഭിച്ചിരുന്നതാണെന്നും മറ്റുനിലകൾ പണി പൂർത്തീകരിച്ച് 5 വർഷമായി ഉപയോഗിച്ചുവന്നിരുന്നതാണെന്നും നിലവിലുള്ള കെട്ടിടം regularize ചെയ്യുക മാത്രമാണ് ചെയ്തതെന്നും പുതിയ നിർമ്മാണത്തിന് അനുമതിയൊന്നും നൽകിയിരുന്നില്ലെന്നും Kerala Municipal Building Rules (KMBR) പ്രകാരം Basement floor പാർക്കിംഗ് ഏര്യയ്ക്ക് FAR നോക്കേണ്ട എന്നതിനാലാണ് ആയത് കണക്കിൽപ്പെടാഞ്ഞതെന്നും കൂടാതെ ചില ഫ്ലോറുകളിലെ KMBR വ്യതിയാനം നോട്ടീസിൽ പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും നിലവിൽ നഗരസഭ കെട്ടിടത്തിന്റെ permit മുഴുവനായി റദ്ദ് ചെയ്തിട്ടുണ്ട് എന്നതിനാൽ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും വരുന്നില്ല എന്നും ജീവനോപാധിയായ പെൻഷനിൽ നിന്നും തുകയൊന്നും കുറവുചെയ്യരുതെന്നും ശ്രദ്ധക്കുറവുമൂലം വന്ന അപാകതകൾ മാപ്പാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. ശ്രീ.പി.ജി. ശശിയുടെ പ്രതിവാദപത്രികയിലെ വാദങ്ങൾ തൃപ്തികരമല്ലാത്തതിനാൽ ടിയാൾക്കെതിരെ സ്വീകരിച്ച താത്കാലിക തീരുമാനം സ്ഥിരപ്പെടുത്താവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (9) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

7. തുടർന്ന് നടപടിക്രമങ്ങളുടെ ഭാഗമായി ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തി, പരാമർശം (11) പ്രകാരം ലഭ്യമാക്കിയ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു:-

<u>BA No.608/11-12</u>

മുഖ്യ നഗരാസൂത്രകന്റെ CC No.01/15 തീയതി 13/01/2016 പ്രകാരമുള്ളതും ചൂണ്ടികാണിച്ചിട്ടുള്ളതുമായ അപാകതകൾ നിലനിൽക്കുന്നു. നിലവിൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥരായ ശ്രീമതി ഷംന പാലക്കി, ശ്രീ.എൻ.കെ.ജയച്ചന്ദ്രൻ, ശ്രീ.എൻ.കെ.സുധീർകുമാർ എന്നിവർ BA No.E2/19500/18 പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകൻ 1,77,829/-രൂപ ക്രമവൽക്കരണ ഫീസ് കണക്കാക്കിയാണ് അപേക്ഷ സമർപ്പിപ്പിട്ടുള്ളത്; പ്രസ്തുത അപേക്ഷ കാഞ്ഞങ്ങാട് നഗരസഭയുടെ പരിശോധനയിലാണ്.

<u>BA No.02/11-12</u>

മുഖ്യ നഗരാസൂത്രകന്റെ CC No.01/15 തീയതി 13/01/2016 പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നു. കാഞ്ഞങ്ങാട് നഗരസഭയിൽ ബല്ലാ വില്ലേജിൽ RS No.95/12 ൽ ഉൾപ്പെട്ട പ്രസ്തുത കെട്ടിടത്തിന്റെ ഒക്കുപൻസി റദ്ദ് ചെയ്ത് കൊണ്ട് 30.06.2016-ന് കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറി ഉത്തരവ് നൽകിയിട്ടുള്ളതാണ്.

ഉത്തരവ് നൽകിയ സമയത്ത് കെട്ടിടത്തിന്റെ ഉടമസ്ഥരായിട്ടുള്ള ശ്രീ.രാജഗോപാലൻ കേരള ഹൈക്കോടതിയിൽ നൽകിയിട്ടുള്ള WP(C).25057-2016(F) പ്രകാരം കാഞ്ഞങ്ങാട് സെക്രട്ടറിയുടെ ഒക്യുപൻസി റദ്ദ് ചെയ്ത്കൊണ്ടുള്ള ഉത്തരവ് നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. ഹോസ്ദുർഗ്ഗ് സബ്രജിസ്ട്രാർ ഓഫീസിലെ 01/04/2016-ലെ 1001/16 നമ്പർ പരസ്പര കൈമാറ്റാധാര പ്രകാരം മേൽ കെട്ടിടങ്ങൾ അടങ്ങുന്ന വസ്തു ശ്രീമതി എം. സുഹറ, ശ്രീ.സി.എം.മുജീബ്, ശ്രീ.സി.എം.സലീം, ശ്രീ.സി.എം.അബ്ദുൾജലീൽ എന്നിവർക്ക് കൈമാറിയിട്ടുള്ളതാണ്. ശ്രീമതി.എം.സുഹറ മുതൽ പേർ WP(C).28925/2017 പ്രകാരം കാഞ്ഞങ്ങാട് നഗരസഭ സെക്രട്ടറിയുടെ ഒക്യുപൻസി റദ്ദാക്കികൊണ്ടുള്ള ഉത്തരവ് നടപടികൾ സ്റ്റേ ചെയ്യണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കേസ് നൽകിയിട്ടുണ്ട്. പ്രസ്തുത കേസിന്റെ സ്റ്റാറ്റസ്, കേരള ഹൈക്കോടതി വെബ് സൈറ്റിൽ പരിശോധിച്ചതിൽ pending എന്നാണ് കാണിക്കുന്നതെന്നും ശ്രീ.രാജഗോപാലൻ നൽകിയിട്ടുള്ള WP(C).25057-2016(F) കേസ് പിൻവലിച്ചിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത കെട്ടിടത്തിന് UAC നമ്പർ നൽകിയിട്ടില്ലെന്നും UAC നമ്പർ ആരുടെ പേരിലാണ് നൽകേണ്ടത് എന്ന വിഷയത്തിൽ നിയമോപദേശം തേടിയിരിക്കുകയാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**8.** നടപടിക്രമങ്ങളുടെ ഭാഗമായി കുറ്റാരോപിതനെ നേരിൽ കേൾക്കുന്നതിന് തുടർച്ചയായി അറിയിപ്പ് നൽകിയെങ്കിലും നേരിൽ കേൾക്കാൻ താത്പര്യപ്പെടുന്നില്ലെന്ന് റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി ശശി അറിയിച്ചതായി ചീഫ് എൻജിനീയർ പരാമർശം (12) പ്രകാരം സർക്കാരിൽ അറിയിക്കുകയുണ്ടായി.

9. തുടർന്ന്, കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 3(a) പ്രകാരം റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി ശശിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുവാൻ കൈക്കൊണ്ട താത്കാലിക തീരുമാനത്തോട് Kerala Public Service Commission യോജിക്കുകയും പരാമർശം (13) പ്രകാരം അപ്രകാരം സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

**10.** വിജിലൻസ് റിപ്പോർട്ട്, മുഖ്യനഗരാസൂത്രകന്റെ റിപ്പോർട്ട്, കുറ്റാരോപിതന്റെ പ്രതിവാദ പത്രിക, ചീഫ് എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പ്, ഔപചാരിക അന്വേഷണ റിപ്പോർട്ട് എന്നിവ പരിശോധിക്കുമ്പോൾ റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി ശശിയുടെ ഭാഗത്ത് ഗുരുതരമായ കൃത്യവിലോപവും ക്രമക്കേടുകളും സംഭവിച്ചിട്ടുണ്ടെന്നും സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടെന്നും സർക്കാരിന് ബോധ്യപ്പെട്ടു. മേൽസാഹചര്യത്തിൽ, കേരള സർവീസ് ചട്ടങ്ങളിലെ ഭാഗം III ചട്ടം 3(a) പ്രകാരം റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.പി.ജി ശശിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 1,000/- രൂപ വീതം ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്യുക എന്ന ശിക്ഷ നൽകിക്കൊണ്ട് ടിയാൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ.പി.ജി ശശി (PEN-692780), റിട്ട. അസിസ്റ്റന്റ് എഞ്ചിനീയർ, പടമാടത്തിൽ ഹൗസ്, മെഡിക്കൽ കോളേജ് പി.ഒ., കോഴിക്കോട് **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (22.01.2024-ലെ A1-1/73/2022-KPSC നമ്പർ കത്ത് പ്രകാരം)
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
6. വിജിലൻസ് (ഡി) വകുപ്പ് (VIG-D1/266/2021-VIG തീയതി 24.11.2022 പ്രകാരം)
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EW2/76/2015-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 14-07-2025 12:20:30
സെക്ഷൻ ഓഫീസർ